15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258 | 07-12-2022 - ൽ മറുപടിയ്ക്ക്

പാൽ വില വർദ്ധനവ് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാൽ വില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടാ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ക്ഷീരസംഘത്തിൽ അളക്കുന്ന പാലിൻറെ സംഭരണ വിലയും വില്പന വിലയും 2022 ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പാൽ വില ലിറ്ററിന് 6 രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | വില വർദ്ധിപ്പിക്കുന്നുവെങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാൽ ഉത്പാദനചെലവ് കേരളത്തിൽ കൂടുത ലാണ്. ഇത് കാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലാകുകയും, ഉത്പാദന ചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുയം ചെയ്തിരുന്നു. അവസാനമായി പാൽ വില വർദ്ധിപ്പിച്ചത് 2019 ലാണ്. കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പാദനചെലവും കണക്കിലെടുത്ത് പാൽ വില വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് കേരള വെറ്ററിനറി സർവ്വകലാശാലയിലേയും കാർഷിക സർവ്വകലാശാലയിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.<br><br>വിദഗ്ധ സമിതിയുടെ പ്രാഥമിക റിപ്പോർട്ട് നവംബർ മാസം ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ടെങ്കിലും ഉപഭോക്തൃ സമൂഹത്തെക്കൂടി കണക്കിലെടുത്ത് ലിറ്ററിന് 6 രൂപ മാത്രമേ വിൽപ്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളൂ. |
| (സി) | വില വർദ്ധനവ്, ഹോട്ടൽ മേഖലയിലും മറ്റും വൻ വില വർദ്ധനവിന് കാരണമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | വർദ്ധിപ്പിച്ച തുകയിൽ ക്ഷീരകർഷകർക്ക് എത്ര രൂപ ലഭിക്കും എന്നത് വ്യക്തമാക്കുമോ; | (ഡി) | 2022 ഡിസംബർ ഒന്നാം തീയതി പ്രാബല്യത്തിൽ പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധിക വില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. |
| (ഇ) | കാലിത്തീറ്റയും മറ്റും സബ്സിഡി നിരക്കിൽ നൽകി ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്. നിലവിൽ സമീകൃത കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നില്ല<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരസഹകരണ സംഘങ്ങൾ വഴി കർഷകർക്ക് നൽകുന്ന കാലിത്തീറ്റക്ക് അവരവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് കാലിത്തീറ്റ സബ്സിഡി കലാകാലങ്ങളിൽ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ